**03.08.2023**

# KGBEU OU ബുള്ളറ്റിൻ 85/2023

സഖാക്കളെ,

## വിഷയം: KRA for Managers

KRA യിൽ നിന്നും ഇൻഷുറൻസ് വിൽപ്പനയ്ക്ക് മാർക്ക് അവാർഡ് ചെയ്യുന്നത് നീക്കം ചെയ്യുന്നതിനായി സംഘടന ഇടപെടുകയും ജോയിന്റ് കോൺഫറൻസിൽ അനുകൂല തീരുമാനം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇത് memo 77/2019 വഴി ബാങ്ക് പ്രസിദ്ധപ്പെടുത്തുകയും ചെയ്തതാണ്. എന്നാൽ ചില റീജിയണൽ മാനേജർമാർ ഇത് മറികടന്നു കൊണ്ട് രാജാവിനേക്കാൾ വലിയ രാജഭക്തി കാണിച്ച് KRA നൽകുമ്പോൾ ഇൻഷുറൻസ് വിൽപ്പനയ്ക്ക് മാർക്ക് അവാർഡ് ചെയ്യുന്നതായി സംഘടനയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെതിരെ ആദ്യപടി എന്ന നിലയിൽ, ഇൻഷുറൻസ് വിൽപ്പന നടത്തി സ്വകാര്യസുഖങ്ങൾക്കായി അതീവതാല്പര്യമുള്ള അത്തരക്കാർക്ക് ശക്തമായ താക്കീത് നൽകാൻ ജനറൽ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ അനുകൂല തീരുമാനം ആയില്ല എങ്കിൽ റീജിയണൽ മാനേജർമാരുടെ തോന്ന്യാസം സംഘടന നേരിട്ട് കൈകാര്യം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. KRA യിൽ ഇൻഷുറൻസ് വിൽപ്പനയ്ക്ക് മാർക്ക് അവാർഡ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആരും തന്നെ അത് ഒപ്പിട്ട് കൊടുക്കേതില്ല. ബാങ്ക് മെമ്മോയുടെ violation ആയതിനാൽ acceptable അല്ല എന്ന് കാണിച്ച് അത്തരം KRA ഒപ്പിടാതെ തിരിച്ചയക്കേണ്ടതാണ്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)